# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

## മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1629 | 10-02-2020-ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.റോജി എം ജോൺ<br>ശ്രീ.എം.രാജഗോപാലൻ<br>ശ്രീ.കെ.ബാബു | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ ഉപജീവനത്തിനും വരുമാനവർദ്ധനവിനും ഏറെ സഹായകരമാകുന്ന മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ദുർബലപ്പെടുത്താനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരെ എന്തെല്ലാം ശക്തമായ ഇടപെടലുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; | (എ) | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമത്തിലും പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖകളിലും കേന്ദ്രസർക്കാർ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന സാഹചര്യങ്ങൾക്കനുസൃതമായി വിലയിരുത്തി സംസ്ഥാനത്ത് പരമാവധി തൊഴിൽദിനങ്ങളും ആസ്തികളും സൃഷ്ടിക്കുവാൻ കഴിയുന്ന തരത്തിലുള്ള ഇടപെടലുകളാണ് നടത്തി വരുന്നത്. കൂടാതെ പദ്ധതി ദുർബലപ്പെടുത്താനുള്ള നീക്കങ്ങൾ ഉണ്ടാകുമ്പോഴെല്ലാം അതിനെതിരെയുള്ള സംസ്ഥാനത്തിന്റെ വികാരം അറിയിക്കാറുണ്ട്. |
| (ബി) | പദ്ധതിയ്ക്കുള്ള ബജറ്റ് വിഹിതം വെട്ടിക്കുറച്ചതിനൊപ്പം തൊഴിൽ ദിനങ്ങളിൽ കുറവ് വരുത്തിയതും കൂലി യഥാസമയം നൽകാതെ കുടിശ്ശിക വരുത്തുന്നതും പദ്ധതി നടത്തിപ്പിൽ എന്തെല്ലാം പ്രതിസന്ധികളാണ് സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുള്ളത്; | (ബി) | 2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തിന് 948 ലക്ഷം തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കുള്ള ലേബർ ബഡ്ജറ്റാണ് കേന്ദ്ര ഉന്നതാധികാര സമിതിയ്ക്കു മുന്നേ സമർപ്പിക്കപ്പെട്ടിരുന്നത്. എന്നാൽ സംസ്ഥാനത്തിന് 700 ലക്ഷം തൊഴിൽ ദിനങ്ങളാണ് കേന്ദ്രസർക്കാർ അനുവദിച്ച് നൽകിയിട്ടുള്ളത്. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആവശ്യാധിഷ്ഠിത പദ്ധതിയായതിനാൽ 700 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ട ശേഷം കൂടുതൽ തൊഴിൽ ദിനങ്ങൾ ആവശ്യമുള്ളപക്ഷം അധിക തൊഴിൽ ദിനങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് അപേക്ഷ നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് മുൻ സാമ്പത്തിക വർഷങ്ങളിൽ വർഷാദ്യം അംഗീകരിക്കപ്പെട്ട |

| | | | |
|---|---|---|---|
| | | | ലേബർ ബഡ്ജറ്റിനുപരിയായി അധിക തൊഴിൽ ദിനങ്ങൾ കേന്ദ്രസർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട ലേബർ ബഡ്ജറ്റ് വെട്ടിക്കുറയ്ക്കുകയോ തൊഴിൽദിനങ്ങളിൽ കുറവു വരുത്തുകയോ ചെയ്തിട്ടില്ല. എന്നാൽ തൻസാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അവിദഗ്ധ തൊഴിലാളികളുടെ വേതനം ലഭ്യമാക്കുന്ന കാര്യത്തിൽ വലിയ കുടിശ്ശിക വരുത്തിയിരുന്നു. ആയത് തൊഴിൽ പങ്കാളിത്തത്തിൽ കുറവുണ്ടാക്കുകയും പദ്ധതി നിർവ്വഹണ വേഗത കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഫണ്ട് ലഭ്യതയ്ക്ക് കാലതാമസം വരുന്നത് ഫലത്തിൽ, ഗ്രാമീണ മേഖലയിൽ തൊഴിലില്ലായ്മ സൃഷ്ടിക്കുകയും ഗ്രാമീണ ആസ്തികൾ സൃഷ്ടിക്കുന്നതിന് തടസ്സമാകുകയും പ്രാദേശിക സാമ്പത്തിക വികസന പ്രക്രിയയെ പിന്നോട്ടടിക്കുകയും ചെയ്യുന്നതാണെന്നു വിലയിരുത്തപ്പെടുന്നു. |
| (സി) | ഈ പദ്ധതി കൂടുതൽ ഉല്പാദനപരമാക്കി മാറ്റുന്നതിനായി പരമ്പരാഗത മേഖലകളിലെ ജോലികൾ കൂടി ഇതിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; അതിന് അനുമതി ലഭിച്ചിട്ടുണ്ടോ; അറിയിക്കാമോ? | (സി) | ഗ്രാമീണ മേഖലയിലെ പ്രധാന വരുമാനമാർഗ്ഗമെന്ന നിലയിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ക്ഷീരകർഷകരുടെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, നെൽകൃഷിയിൽ കൊയ്ത്തിനുശേഷം പുതുതായി വിളവ് ഇറക്കുന്നതുവരെയുള്ള ആവർത്തന സ്വഭാവമുള്ള കൃഷിപ്പണികൾ എന്നിവയും കയർ, കൈത്തറി, ഖാദി മേഖലയിലെ പ്രവർത്തനങ്ങളും തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത പ്രവൃത്തിയിനങ്ങളായി ഉൾപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിന് സംസ്ഥാനം ശുപാർശ നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്രസർക്കാരിൽ നിന്നും നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**